ബാർ കോഴ

269 (2144) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാർ കോഴയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ ഒരു മന്ത്രിയുടെയും എറണാകുളം ജില്ലയിലെ ഒരു ഭരണകക്ഷി എം.എൽ.എ.-യുടെയും പേരിൽ ഉന്നയിക്കപ്പെട്ട ആക്ഷേപം വാർത്തയായി വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ബാർ കോഴയുമായി ബന്ധപ്പെട്ട് ധനകാര്യ മന്ത്രി ശ്രീ. കെ. എം. മാണിക്ക് എതിരായ ഡോ. ബിജുരമേശിന്റെ വെളിപ്പെടുത്തലുകൾ സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വി. എസ്. അച്യുതാനന്ദൻ നൽകിയ 1-11-2014 ലെ പരാതിയിന്മേൽ സത്വരാന്വേഷണം (ക്യൂ.വി. 14/14 എസ്.ആർ.ടി.) നടന്നുവരുന്നു.

വിജിലൻസ് അന്വേഷണം നേരിടുന്ന ഉദ്യോഗസ്ഥർ

270 (2145) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാരാണ് ഈ സർക്കാരിന്റെ കാലത്ത് വിജിലൻസ് കേസ് പ്രതികളായത് ;

(ബി) കേസിലുൾപ്പെട്ട വ്യക്തിയാണോ, അതോ സ്ഥാപനമാണോ പ്രസ്തുത കേസ് നടത്തിപ്പിന് വേണ്ട കോടതി ചെലവ് വഹിക്കുന്നത് ; വ്യക്തമാക്കാമോ ;

(സി) സ്ഥാപനങ്ങൾക്ക് നഷ്ടം വരുത്തുന്ന വ്യക്തികൾ വിജിലൻസ് കേസിൽ ഉൾപ്പെടുമ്പോൾ പ്രസ്തുത സ്ഥാപനങ്ങളുടെ തലപ്പത്ത് തുടരാൻ വീണ്ടും അനുവദിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് വിജിലൻസ് കേസുകളിൽ പ്രതികളായ പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാരുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) കേസിന്റെ സ്വഭാവവും വിജിലൻസ് ഡയറക്ടറുടെ ശിപാർശയും പരിഗണിച്ചാണ് ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly